**അത്യാവശ്യം**

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

സി1/49547/14.

KSHB Building, ശാന്തി നഗർ,
തിരുവനന്തപുരം-1,
തീയതി : 28.3.2015

പ്രേഷകൻ

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഗവൺമെന്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ഡി.ജി.ഇ.റ്റി നിർത്തൽ ചെയ്ത ട്രേഡുകൾ - സംബന്ധിച്ച്:-

സൂചന:-1) 22.05.2014 ലെ ഡി.ജി.ഇ&റ്റി 19/07/(1)/2014-സി.ഡി നമ്പർ കത്തിന്മേലുള്ള 9.6.2014 ലെ സി1/28573/14 നമ്പർ മേലെഴുത്ത് കത്ത്.

2) 05.08.2014 ലെ ഡി.ജി.ഇ.&റ്റി-19/07(1)2014-സി.ഡി നമ്പർ കത്തിന്മേലുള്ള 8.10.2014 ലെ സി1/28573/14 നമ്പർ മേലെഴുത്ത് കത്ത്.

3) 18.2.2015-ൽ കൂടിയ സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൻ ട്രെയിനിംഗിന്റെ അഞ്ചാമത് യോഗത്തിന്റെ നടപടികുറിപ്പുകൾ.

4) 16.01.2015 ലെ സി3/37001/14 നമ്പരായ ചുറ്ററിയിപ്പ്.

*********

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ നിലവിലുള്ള അർദ്ധവത്സര ട്രേഡുകൾ നിർത്തലാക്കുന്നതിനും അവ സ്കിൽ ഡവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് (എസ്സ്.ഡി.ഐ) സ്കീമിന് കീഴിലുള്ള മോഡുലാർ എംപ്ലോയബിൾ കോഴ്സുകളിലേയ്ക്ക് മാറ്റുന്നതിനും ഡി.ജി.ഇ&റ്റി യിൽ നിന്നും ലഭിച്ച നിർദ്ദേശം എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാരെയും സൂചന (1) പ്രകാരം അറിയിച്ചിരുന്നു. തുടർന്ന് 2014 ആഗസ്റ്റ് സെഷനിലേയ്ക്കുകൂടി ആറുമാസക്കാല കോഴ്സുകൾ തുടരുന്നതിന് ഡി.ജി.ഇ&റ്റി യിൽ നിന്നും ലഭിച്ച നിർദ്ദേശം സൂചന (2) പ്രകാരം അറിയിച്ചിരുന്നു. ഡി.ജി.ഇ &റ്റി യുടെ ടി

നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ഐ.ടി.ഐ കളിലും എൻ.സി.വി.ടി സ്കീമിലും എസ്.സി.വി.ടി സ്കീമിലും നിലവിലുള്ള എല്ലാ അർദ്ധവത്സര കോഴ്സുകളും എം.ഇ.എസ് കോഴ്സുകളിലേയ്ക്ക് മാറ്റുന്നതിന് സൂചന (3) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്ത് എല്ലാ സർക്കാർ ഐ.ടി.ഐ കളിലും എൻ.സി.വി.റ്റി സ്കീമിലും എസ്.സി.വി.റ്റി സ്കീമിലും നിലവിലുള്ള അർദ്ധവത്സര ട്രേഡുകളെല്ലാം മോഡുലാർ എംപ്ലോയബിൾ കോഴ്സുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

4.7.2014 ലെ ഡി.ജി.ഇ.റ്റി/19/06(1)/2014-സി.ഡി നമ്പർ കത്തിൽ പരാമർശിച്ചിരുന്ന ട്രേഡുകളിലെ എൻ.സി.വി.ടി അഫിലിയേറ്റഡ് യൂണിറ്റുകളിൽ 2015 അധ്യയന വർഷം മുതൽ പ്രവേശനം നടത്താൻ പാടില്ല എന്ന അറിയിപ്പ് സൂചന (4) പ്രകാരം എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും നൽകിയിരുന്നു. ടി ട്രേഡുകളിലെ എസ്.സി.വി.ടി സ്കീമിൽ നിലവിലുള്ള യൂണിറ്റുകളിലും 2015 ആഗസ്റ്റ് സെഷൻ മുതൽ പ്രവേശനം നടത്താൻ പാടില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വാസപൂർവ്വം,

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.

കോപ്പി:- 1. ജോയിന്റ് ഡയറക്ടർ
2. ജോയിന്റ് ഡയറക്ടർ, കണ്ണൂർ
(ഇൻ ചാർജ്ജ് ഓഫ് എസ്.ഐ.സി)
3. എസ്.എസ്(ഐ)
4. എസ്.എസ് (എ)

R/ 30/3/15